## മധുരമായ കുട്ടികളേ – നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും വിചാര സാഗരമഥനം ചെയ്യൂ, ഈ ജ്ഞാന മഥനം തന്നെയാണ് ബുദ്ധിയുടെ ഭോജനം, ചിന്തനം ചെയ്ത് സേവനത്തിനുളള പുതിയ പുതിയ യുക്തികൾ കണ്ടെത്തൂ.

**ചോദ്യം:**– ജ്ഞാനാമൃതം ധാരണ ചെയ്യാനും ചെയ്യിക്കാനുമുളള ശക്തി എങ്ങനെയുളള കുട്ടികളിലാണ് ഉണ്ടാകുന്നത്?

**ഉത്തരം:**– ആരാണോ ബാബയുടെതായി മാറിയ ഉടൻ തന്നെ പവിത്രതയുടെ പക്കാ പ്രതിജ്ഞ ചെയ്യുന്നത്. ബാബ പറയുന്നു കുട്ടികളേ – ഓർമ്മിച്ചോളൂ, അഥവാ ഇത്രയും കേട്ടിട്ടും നിങ്ങൾ പവിത്രമാകുന്നില്ലെങ്കിൽ, ബുദ്ധിയുടെ പൂട്ടുതന്നെ അടഞ്ഞു പോകും. ഒരു കാതിലൂടെ കേട്ട് മറ്റേതിലൂടെ പുറത്തേക്കു പോകും. ബാബയുടെതായി മാറി എങ്കിൽ അഴുക്കിനെ ഇല്ലാതാക്കൂ. തലകീഴായ കർമ്മം ചെയ്തു എങ്കിൽ തൊണ്ട അടഞ്ഞു പോകും. പിന്നീട് ജ്ഞാനം കേൾപ്പിക്കാൻ സാധിക്കില്ല, അതിനാൽ ജാഗ്രത പാലിക്കൂ.

**ഗീതം:**– നിങ്ങൾ രാത്രി ഉറങ്ങി ചിലവഴിച്ചു.......

**ഓം ശാന്തി**. ഇപ്പോൾ ബാബ കുട്ടികളോട് ചോദിക്കുന്നു – കുട്ടികളേ പരിധിയില്ലാത്ത അച്ഛനെക്കുറിച്ച് നിങ്ങൾ നല്ല രീതിയിൽ അറിഞ്ഞോ? ഇവിടെ ചോദിക്കേണ്ടി വരികയാണ് അല്ലെങ്കിൽ ശരിക്ക് ചോദിക്കാനുളള നിയമമില്ല. ബാബ നമ്മുടെ മാതാപിതാവാണ് എന്ന് എല്ലാവർക്കുമറിയാം. മാതാ പിതാവിനെക്കുറിച്ച് അറിഞ്ഞു എങ്കിൽ അവർ ആസ്തികരാണ്. മാതാപിതാവിൽ നിന്നും സുഖത്തിന്റെ സമ്പത്താണ് ലഭിക്കുന്നത്. സത്യയുഗത്തിൽ പ്രാപ്തി മാത്രമാണുളളത്. അവിടെ ആസ്തികർ, നാസ്തികർ എന്ന ചോദ്യത്തിനേ പ്രസക്തിയില്ല. ആസ്തികർ–നാസ്തികർ, അറിവുളളവർ–അറിവില്ലാത്തവർ എല്ലാം സംഗമത്തിലാണ് ഉണ്ടാകുന്നത്. കുട്ടികൾക്കിപ്പോൾ അറിയാം, ആരാണോ ഇന്നലെ നാസ്തികരായിരുന്നത്, ബാബയെക്കുറിച്ചും രചനയെക്കുറിച്ചുമറിയാത്തത്, അവർ തന്നെയാണ് പിന്നീട് ആസ്തികരായിത്തീരുന്നത്. ബാബയെയും തന്റെ 84 ജന്മങ്ങളെക്കുറിച്ചും ഇപ്പോൾ അറിഞ്ഞു കഴിഞ്ഞു. ഇന്നലെ അറിയില്ലായിരുന്നു, ഇന്നറിയാം. ഇന്നലെ–ഇന്ന് എന്നാണ് പറയുന്നത്. ഇന്ന് പഴയ ലോകമാണ്, നാളെ ലോകം പുതിയതാകുന്നു. ഇന്ന് രാത്രിയാണ്, നാളെ പകലാകുന്നു. വാസ്തവത്തിൽ ഭാരതവാസികൾക്ക് തന്റെ അച്ഛനെക്കുറിച്ച് അറിയണം. ഭാരതത്തിൽ തന്നെയാണ് സോമനാഥ ക്ഷേത്രം. ശിവജയന്തി ആഘോഷിക്കുന്നുണ്ടെങ്കിലും, ആർക്കും ശിവബാബ എപ്പോൾ വരുന്നു എന്നു ചോദിച്ചാൽ അറിയുന്നില്ല. സോമനാഥൻ എന്ന പേരുളള ബാബ എപ്പോൾ വന്ന് ജ്ഞാനാമൃതം കുടിപ്പിച്ചു? ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബാബയിലൂടെ ആസ്തികരാകുന്നു. ബാബ നമുക്ക് തന്റെ പരിചയം നൽകി. പൂർവ്വ നിശ്ചിതമായ നാടകമനുസരിച്ച് സംഗമത്തിൽ തന്നെയാണ് പരിചയം ലഭിക്കുന്നത്. കുട്ടികൾക്കറിയാം ഇന്ന് നരകമാണ് നാളെ സ്വർഗ്ഗമായിത്തീരുന്നു. നാളെ അർത്ഥം നമ്മുടെ അടുത്ത ജന്മം സത്യയുഗത്തിലായിരിക്കും. നമ്മൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് മൃത്യു ലോകം നാളെ അമരലോകമാണ്. ലോകം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കുന്നു. കലിയുഗത്തിൽ നിന്നും സത്യയുഗം സ്ഥാപിക്കുന്നു. അതും ബാബ തന്നെയാണ് സ്ഥാപിക്കുന്നത്. ബാബ പതിതപാവനനാണ്. ഈ ലോകത്തിൽ ആർക്കും തന്നെ സംഗമത്തെക്കുറിച്ച് അറിയില്ല. ഇപ്പോൾ നിങ്ങൾ എത്ര പ്രകാശത്തിലേക്കാണ് വന്നിരിക്കുന്നത്. നിങ്ങൾ ഇപ്പോൾ ഭക്തി മാർഗ്ഗത്തെ ഉപേക്ഷിച്ചു കഴിഞ്ഞു. ഇന്ന് ഭക്തിയുണ്ട്, നാളെയുണ്ടാകില്ല. അല്ലാതെ ഇന്ന് ഭക്തിയ്ക്കു ശേഷം നാളെ ജ്ഞാനമുണ്ടാകില്ല അങ്ങനെയല്ല. ഭക്തി അരക്കല്പമായി നടക്കുന്നു. ജ്ഞാനം ഒരു തവണ മാത്രമാണുണ്ടാകുന്നത്, അതിനു ശേഷം സദ്ഗതിയുമുണ്ടാകുന്നു. ബാബ ഒരേയൊരു തവണ വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു. അതിനാലാണ് പതിതപാവനനെന്നും സദ്ഗതി ദാതാവെന്നും പറയുന്നത്. ബാബയുടെ ജന്മ വും ഭാരതത്തിലാണുണ്ടാകുന്നത്. എന്നാൽ ഇത് നിരാകാരനായ ശിവബാബയുടെ ക്ഷേത്രമാണെന്നുളളത് ഭാരതവാസികൾക്ക് അറിയില്ല. ജ്യോതിയുടെ ക്ഷേത്രം എവിടെയാണുള്ളത്. ബ്രഹ്മസമാജക്കാർ ജ്യോതി തെളിയിക്കുന്നു. പരമപിതാവായ പരമാത്മാവ് ജ്യോതി സ്വരൂപമാണെന്ന് മനസ്സിലാക്കുന്നു. അനേക പ്രകാരത്തിലുളള അഭിപ്രായമുണ്ട്. ആര് ഏത് കാര്യങ്ങൾ കേൾപ്പിച്ചുവോ അതിനെ അംഗീകരിച്ച്, അത് അനുകരിക്കുന്നവരാണ്. ഇപ്പോൾ നിങ്ങൾക്ക് രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും അറിഞ്ഞു കഴിഞ്ഞു. രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി, പിന്നീട് മറ്റുളളവർക്ക് മനസ്സിലാക്കി കൊടുക്കണം. പരമപിതാവായ പരമാത്മാവ് സത്യമാണ്, ചൈതന്യമാണ് ജ്ഞാനത്തിന്റെ സാഗരനാണ്. ഓരോ അഭിനേതാക്കളുടെ മഹിമയും വ്യത്യസ്തമാണ്. പരമാത്മാവിനെ സർവ്വവ്യാപി എന്നു പറയുന്നതിലൂടെ വ്യത്യസ്ത മഹിമയുണ്ടാകുന്നില്ലല്ലോ.

ഓരോ ആത്മാക്കളിലും വ്യത്യസ്തമായ പാർട്ടാണ് അടങ്ങിയിരിക്കുന്നത്. സർവ്വവ്യാപി ആണെങ്കിൽ പരമപിതാ പരമാത്മാവ് എല്ലാവരുടെ ഉള്ളിലും പാർട്ട് അഭിനയിക്കേണ്ടതായി വരും. എത്ര അന്ധകാരമാണ്! അപ്പോഴാണ് ബാബ വന്ന് മനസ്സിലാക്കി തരുന്നത്.

കുട്ടികൾക്കറിയാം ഏറ്റവും ഉയർന്ന പാർട്ട് പരമാത്മാവിന്റേതാണ്. ആ ഒരു അച്ഛനെ തന്നെയാണ് എല്ലാ ഭക്തരും ഓർമ്മിക്കുന്നത്. ഭക്തരെല്ലാവരും പതിതർ തന്നെയാണ്. ആരെയാണ് പതിതരെന്നു പറയുക എന്നുള്ളത് മനുഷ്യർക്കാർക്കും തന്നെ അറിയില്ല. സന്യാസിമാർ മനസ്സിലാക്കുന്നു, ഈ വികാരങ്ങൾ കാരണമാണ് നമ്മൾ നരകവാസികളായത്, അതിനാൽ വീടും കുടുംബവും ഉപേക്ഷിക്കുന്നു, ഇതിലൂടെ ബ്രഹ്മത്തിൽ പോയി ലയിക്കുമെന്നു മനസ്സിലാക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, ഇത് കലിയുഗമാണ്. എല്ലാവരും വിഷയ സാഗരത്തിൽ മുങ്ങിത്താണു കൊണ്ടിരിക്കുന്നു. അതിനാലാണ് ഈ ലോകത്തെ വേശ്യാലയമെന്നു പറയുന്നത്. ഞാൻ വന്ന് ഇതിനെ ശിവാലയമാക്കി മാറ്റുന്നു. സത്യയുഗത്തിൽ ഒരു ധർമ്മമായിരുന്നു, അതേ ദേവതകൾ ഇപ്പോൾ 84 ജന്മങ്ങൾ എടുത്തു കഴിഞ്ഞു, ഇപ്പോൾ അവരെ ദേവതകളെന്നു വിളിക്കാൻ സാധിക്കില്ല. ആരാണോ പൂജ്യ ദേവതകളായിരുന്നത്, അവർ  അധ:പതിച്ച്, ക്ഷത്രിയരും, വൈശ്യരും ശൂദ്ര വർണ്ണത്തിലേക്കും വന്ന് പതിതരും പൂജാരിയുമായി മാറി. ഭാരതമാണ് ഏറ്റവും കൂടുതൽ പാവനമായിരുന്നത്, ഇപ്പോൾ പതിതമായി. സന്യാസിമാരെ പോലും സമ്പൂർണ്ണ പാവനമെന്ന് പറയുവാൻ സാധിക്കില്ല. എന്തുകൊണ്ടെന്നാൽ പതിത ലോകത്തിലാണ് വസിക്കുന്നത്. ഗൃഹസ്ഥമുപേക്ഷിച്ചാലും ആരും സത്യയുഗത്തിലേക്കൊന്നും പോകില്ലല്ലോ. നിങ്ങൾക്ക് ഈ ലോകത്തെ മറന്ന് സത്യയുഗത്തിലേക്ക് പോകണം. സ്വർഗ്ഗത്തിലേക്ക് പോകുന്നതിനായി കല്പം മുമ്പത്തേതു പോലെ പുരുഷാർത്ഥം ചെയ്യണം. ഭാരതം തന്നെയാണ് പൂജ്യ അവസ്ഥയിൽ നിന്നും പൂജാരി അവസ്ഥയിലേക്കായത്, ഇനി വീണ്ടും പൂജ്യ അവസ്ഥ പ്രാപിക്കുന്നു. വളരെക്കാലങ്ങളായി വേർപെട്ട കുട്ടികൾക്ക് മാത്രമാണ് ഈ ജ്ഞാനം മനസ്സിലാക്കുവാൻ സാധിക്കൂ. ദേവീ-ദേവതാധർമ്മത്തിൽ ഇല്ലാത്തവർക്ക് ഈ കാര്യങ്ങളൊന്നും തന്നെ ബുദ്ധിയിലിരിക്കില്ല. ഭാരതവാസികളാണ് 84 ജന്മങ്ങളെടുക്കുന്നത്. മറ്റൊരു ധർമ്മത്തിലുള്ളവരും 84 ജന്മങ്ങളെടുക്കുന്നില്ല. നിങ്ങളിലും നമ്പർവൈസാണ്, എല്ലാവരും ഒരുമിച്ച് വരില്ലല്ലോ. കുട്ടികൾക്ക് ചക്രത്തിന്റെ രഹസ്യത്തെക്കുറിച്ചും മനസ്സിലാക്കിത്തന്നിട്ടുണ്ട്. എങ്ങനെയാണ് കുലം ഉണ്ടാകുന്നത്, ആത്മാക്കളുടെ കുലവുമുണ്ടാകുന്നു. എന്നാൽ അത് ആത്മീയ കുലമാണെന്നു മാത്രം. നമ്മൾ ആ സമയത്ത് ബ്രഹ്മാണ്ഡത്തിലാണ് വസിച്ചിരുന്നത്. ആദ്യത്തെ നമ്പരിലുള്ളത് ശിവബാബയാണ്. പിന്നീട് ബ്രഹ്മാ-വിഷ്ണു-ശങ്കരൻ, പിന്നീടാണ് ലക്ഷ്മി-നാരായണനും അവരുടെ കുലവും. നമ്പർവൈസാണ്. ഈ സമയത്ത് നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ വൃക്ഷവുമുണ്ട്. ആരെല്ലാമാണ് വരുന്നത്, എന്തെല്ലാം സംഭവിക്കുമെന്നതിനെക്കുറിച്ചുള്ള ഒരു ജ്ഞാനവും സത്യയുഗത്തിലുണ്ടാകില്ല. എന്നാൽ അവിടെ അജ്ഞാനമെന്നും പറയാൻ സാധിക്കില്ല. അവിടെ ഈ ജ്ഞാനത്തിലൂടെ നേടുന്ന പ്രാപ്തിയാണ്. ഇപ്പോൾ കയറുന്ന കലയാണ്, പിന്നീട് താഴുന്ന കലയായിരിക്കും. 1250 വർഷത്തിൽ തന്നെ രണ്ടു കല കുറയുന്നു. കുറച്ചു-കുറച്ചായി കുറഞ്ഞു വരുന്നു. നിങ്ങൾക്കിപ്പോൾ എല്ലാ കണക്കുകളും എടുക്കുവാൻ സാധിക്കുന്നു. ആദ്യം വേരാണ്, പിന്നീടാണ് അടിത്തറ അതായത് തായ്ത്തടി ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ ബീജത്തെക്കുറിച്ചും വൃക്ഷത്തെക്കുറിച്ചും നല്ല രീതിയിൽ അറിഞ്ഞു കഴിഞ്ഞു. ഇപ്പോൾ നിങ്ങൾ നാസ്തികരിൽ നിന്നും ആസ്തികരായി മാറി. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, അചഛൻ മകനെ പ്രത്യക്ഷപ്പെടുത്തുന്നു. ടീച്ചർ വിദ്യാർത്ഥികളെ പ്രത്യക്ഷപ്പെടുത്തുന്നു. ആദ്യം ഗുരു ശിഷ്യരെ പ്രത്യക്ഷപ്പെടുത്തുന്നു, പിന്നീട് ശിഷ്യർ ഗുരുവിനെ പ്രത്യക്ഷപ്പെടുത്തുന്നു. ഇവിടെയാണെങ്കിൽ മൂന്നും ഒരേയൊരു ബാബയാണ്. ബാബ രചയിതാവാണ്. തീർച്ചയായും പുതിയ ലോകം തന്നെയാണ് രചിക്കുന്നത്. സ്വർഗ്ഗത്തിൽ ലക്ഷ്മി-നാരായണനാണ് രാജ്യം ഭരിക്കുന്നത്. അവരെല്ലാം ഈ സമ്പത്ത് എവിടുന്നാണ് നേടിയത്. ഇത്രയും ഉയർന്ന പദവി നേടാനുള്ള കർമ്മം ഇവർക്ക് ആരാണ് പഠിപ്പിച്ച് കൊടുത്തത്. ഇപ്പോൾ ബാബ പറയുന്നു - ഞാൻ നിങ്ങളെ ദേവതയാക്കുവാനുള്ള കർമ്മമാണ് പഠിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിങ്ങൾ വളരെ സമ്പന്നരായിരുന്നു. ബാബയിൽ നിന്നുമാണ് സമ്പത്ത് നേടിയത്. അപ്പോൾ തീർച്ചയായും ബാബ തന്നെയാണ് വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കിയത്. ബാബ പറയുന്നു, കുട്ടികളേ നടക്കുമ്പോഴും കറങ്ങുമ്പോഴും ഈ രീതിയിൽ വിചാര സാഗര മഥനം ചെയ്യൂ. ഇത് ബുദ്ധിക്കുള്ള ഭോജനമാണ്. ബാബയ്ക്ക് ആഗ്രഹമുണ്ട്, സൃഷ്ടി ചക്രത്തിന്റെ ചിത്രത്തെ വളരെ വലുതാക്കി ഉണ്ടാക്കണം. ചക്രത്തിന്റെ ചിത്രം വെച്ച് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നത് വളരെ നല്ലതാണ്. മനുഷ്യർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കണമെന്നതിനെക്കുറിച്ച് ചിന്തിക്കൂ. ഇത് സംഗമമാണ് എന്ന് മനസ്സിലാക്കി കൊടുക്കണം, ഇപ്പോൾ ലോകം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കുന്നു. ഇവിടെ അനേക ധർമ്മമാണ്, അവിടെ ബാബയാൽ സ്ഥാപിക്കപ്പെട്ട ഒരേയൊരു ധർമ്മമാണ്. ഭാരതത്തിലുള്ള പ്രാചീന രാജയോഗം വളരെ പ്രശസ്തമാണ്. നിങ്ങൾക്കറിയാം നമ്മൾ വീണ്ടും ഭഗവാനിലൂടെ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഭഗവാന് മാത്രമേ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും

മനസ്സിലാക്കി തരാൻ സാധിക്കൂ. മനുഷ്യർക്കൊരിക്കലും മനസ്സിലാക്കിത്തരുവാൻ സാധിക്കില്ല. ബ്രഹ്മാ ബാബയും പറയുന്നു, എനിക്ക് ഒന്നും അറിയുമായിരുന്നില്ല. ബാബ ഒരിക്കലും ഞാൻ അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു എന്ന മഹിമ പാടുമായിരുന്നില്ല. ബാബ പറയുന്നു, ഈ ഭക്തിയുടെ കർമ്മ കാണ്ഢം ഇപ്പോൾ അവസാനിപ്പിക്കൂ. ഇപ്പോൾ ഭക്തി പൂർത്തിയാകണം. രാത്രിയ്ക്കു ശേഷം പകൽ വരുന്നു.

ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. സംഗമത്തിലാണ് ജ്ഞാനം ലഭിക്കുന്നത്. ബാബ എങ്ങനെയാണോ ആദ്യം സൂക്ഷ്മ വതനത്തെ രചിച്ച്, പിന്നീട് പ്രജാപിതാ ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടിയെ രചിക്കുന്നുത്. മനുഷ്യ സൃഷ്ടി കുലം തന്നെ ഇതിലൂടെയാണ് ആരംഭിക്കുന്നത്. ഇവരെത്തന്നെയാണ് ആദിദേവനെന്നും ആദിദേവി എന്നും പറയുന്നത്. ആദം, ഹവ്വ എന്നും പറയുന്നു. മാതാപിതാവുണ്ടെങ്കിലും എങ്ങനെയാണ് സൃഷ്ടി രചിച്ചത്, ആദമിനെ ആദിദേവൻ അഥവാ ബ്രഹ്മാവെന്നു പറയുന്നു. എന്നാൽ ബ്രഹ്മാവ് രചയിതാവല്ല. പരമപിതാവായ പരമാത്മാവ് ആദമിലൂടെ ചെയ്യിച്ചു എന്നു പറയുന്നില്ല. തീർച്ചയായും ഈശ്വരൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. അത് നിരാകാരനായ ബാബയാണ്. നമ്മൾ ആത്മാക്കളും നിരാകാരികളാണ്. ഈ ശരീരം എടുത്ത് പാർട്ട് അഭിനയിക്കാനായി പുനർജന്മത്തിലേക്ക് വന്നിരിക്കുകയാണ്. പരംധാമത്തിലിരിക്കുന്ന നിരാകാരനായ അച്ഛനെയാണ് ഭക്തി മാർഗ്ഗത്തിൽ ഓർമ്മിക്കുന്നത്. ബാബ പതിതപാവനനാണ്. പതിത ലോകത്തിലേക്ക് വന്ന് കുട്ടികളെ പഠിപ്പിച്ച് പാവന ലോകത്തേക്ക് കൊണ്ടു പോകുന്നു. അതിനാൽ അച്ഛനുമാണ്, ടീച്ചറുമാണ്. പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമാണ് പഠിപ്പിക്കുന്നത്. ഇപ്പോൾ നിങ്ങൾ മാസ്റ്റർ നോളേജ്ഫുളളായിത്തീരുന്നു. ഇപ്പോൾ ബാബ പറയുന്നു, ഓർമ്മിച്ചോളു, കുട്ടികളേ പവിത്രമായിരുന്നില്ലെങ്കിൽ, എത്ര തന്നെ കേട്ടാലും ഒരുകാതിലൂടെ കേട്ട്, മറ്റേതിലൂടെ പുറത്ത് പോകും. ആദ്യം തന്നെ പവിത്രതയുടെ പ്രതിജ്ഞ ചെയ്യൂ, ഇല്ലെങ്കിൽ പാപ ഭാരം ഒരിക്കലും ഇല്ലാതാകില്ല. പാവനമാകുന്നില്ലെങ്കിൽ അതിശക്തമായിത്തന്നെ താഴേക്ക് പതിക്കുന്നു. ബാബ പറയുന്നു – ഓർമ്മവെക്കൂ, ഇപ്പോൾ പാവനമാകുന്നില്ലെങ്കിൽ വളരെയധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു. അജ്ഞാന കാലത്ത് പോലും ഇത്ര ശിക്ഷകൾ ലഭിച്ചിട്ടുണ്ടാവില്ല. എന്റെ പക്കൽ വന്ന് പ്രതിജ്ഞ ചെയ്ത് പിന്നീട് പവിത്രമാകാതെ, ഇന്ദ്രസഭയിൽ ഒളിച്ച് വന്നിരിക്കുകയാണെങ്കിൽ, വളരെയധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും, ഒന്നുകൂടി കല്ലു ബുദ്ധിയായിത്തീരും. പിന്നീട് സാധാരണ പ്രജയിലേക്ക് പോകും. പദവിയും നമ്പർവൈസാണല്ലോ. ഉയർന്നതിലും ഉയർന്നതായിത്തീരുകയും ചെയ്യാം, ഏറ്റവും താഴ്ന്ന അവസ്ഥയിലേക്കും പോകാം. ഇവിടെ എല്ലാവർക്കും ദുഃഖമാണ്. പെട്ടെന്നുള്ള മരണമാണ് ഉണ്ടാകുന്നത്. വാസ്തവത്തിൽ ആയുസ്സ് പൂർത്തിയായതിനു ശേഷമാണ് കാലൻ വരേണ്ടത്. ഭാരതത്തിൽ നിയമാനുസൃതമായിരുന്നു ആയുസ്സ് പൂർത്തിയായിരുന്നത്. വയസ്സാകുമ്പോൾ സാക്ഷാത്കാരമുണ്ടാകുന്നു, ഞാൻ വീണ്ടും കുട്ടിയായി ജനിക്കും. ഇവിടെയാണെങ്കിൽ നിങ്ങൾ ശരീരമുപേക്ഷിച്ച് ബാബയുടെ പക്കലേക്ക് പോകുന്നു. ഈ പഴയ ശരീരമാകുന്ന വസ്ത്രം അഴിച്ചു വെക്കണം. ബാബയെ ഇടയ്ക്കിടെ ഓർമ്മിക്കണം. ബാബാ, ഞങ്ങൾ വന്നു കഴിഞ്ഞു. യോഗബലത്തിലൂടെ ആത്മാവിനെ പവിത്രമാക്കി മാറ്റണം. ഇതിനുവേണ്ടി ഒരേയൊരു ഉപായമാണ് ബാബയുമായി യോഗം വെക്കുക. പിന്നീട് നിങ്ങൾ സതോപ്രധാനവും പവിത്രവുമായി മാറുന്നു. യോഗം ചെയ്ത്-ചെയ്ത്, അന്തിമത്തിൽ യോഗസിദ്ധരാകണം.

ബാബ പറയുന്നു, ഇത് എന്റെ രഥമാണ്. ലാന്റ് ലേഡി എന്നു പറയാം അല്ലെങ്കിൽ ലാന്റ് ലോർഡ് എന്നു പറയാം– ഇത് വളരെ വിചിത്രമാണ്. ശിവബാബ എങ്ങനെയാണ് വരുന്നത്, ഇവർ ലാന്റ് ലേഡിയുമാണ് പ്രജാപിതാവുമാണ്. നിരാകാരനായ എനിക്ക് തീർച്ചയായും ശരീരം ആവശ്യമാണ്. ഓരോരുത്തർക്കും അവരവരുടെതായ രഥമുണ്ട്. എനിക്ക് രഥിയാകുന്നതിനായി, ഈ പഴയ ലോകത്തേക്ക് വരേണ്ടതായി വരുന്നു. കൃഷ്ണൻ പാവനമല്ലേ. ഡ്രാമയിൽ ഈ രഥമാണ്(ബ്രഹ്മാവിന്റെ ശരീരം) ഉള്ളത്. ഞാൻ വരുന്നത് തന്നെ ഭാരതത്തിലാണ്. അല്ലാതെ ഒരു കല്പം ഭാരതത്തിലും അടുത്ത കല്പം ജർമനിയിലേക്കും വരുമെന്നല്ല. ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങൾ കർമ്മയോഗികളാണ്. നിങ്ങൾക്ക് കർമ്മം ചെയ്യേണ്ടതായുണ്ട്. ആദ്യമൊക്കെ പുരുഷന്മാർ സമ്പാദിച്ചു കൊണ്ടു വരുന്നു, മാതാക്കൾ വീട് സംരക്ഷിക്കുന്നു. മാതാക്കൾ ഇത്രയും പഠിച്ചിരുന്നില്ല. ഇപ്പോഴാണെങ്കിൽ മാതാക്കൾ പഠിക്കുവാൻ ആരംഭിച്ചു കഴിഞ്ഞു. മാതാക്കളും ഇപ്പോൾ ജോലികൾക്കു പോകാൻ ആരംഭിച്ചു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അവിനാശി സമ്പാദ്യം ചെയ്യണം. ഓരോരുത്തർക്കും പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്തെടുക്കണം. ആര് ചെയ്തുവോ അവർക്ക് പദവി ലഭിക്കുന്നു. ഈ പഠിപ്പിന്റെ പദവി 21 ജന്മങ്ങളിലേക്ക് ലഭിക്കുന്നു. ഈ പഠിപ്പ് ബാബയ്ക്കല്ലാതെ മറ്റാർക്കും പഠിപ്പിക്കുവാനും സാധിക്കില്ല. പതിതപാവനൻ തന്നെയാണ് ഗോഡ്ഫാദർ. ബാബ തന്നെയാണ് രാജയോഗം പഠിപ്പിച്ച് സ്വർഗ്ഗത്തിലേക്ക് പോകാൻ യോഗ്യരാക്കുന്നത്. ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയായി. ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം. ഇതെങ്കിലും ഓർമ്മയിലുണ്ടെങ്കിൽ പ്രസന്നമായിരിക്കാം. ബാബ തന്റെ അനുഭവം പറയാറുണ്ട്– ഓർമ്മിക്കുവാനായി പ്രയത്നിക്കുന്നു, എന്നാലും

മറന്നു പോകുന്നു. അതിനാലാണ് ബാബ പറയുന്നത്, രാത്രിയിൽ ഉണർന്നിരുന്ന് അഭ്യസിക്കൂ, അങ്ങനെയെങ്കിൽ അവസ്ഥ സ്ഥായിയായിരിക്കും. അതുകൊണ്ട് ബാബ പറയുന്നു – അല്ലയോ, നിദ്രയെ ജയിക്കുന്ന കുട്ടികളേ, സമ്പാദിക്കൂ. ഇതിൽ കൈകൊണ്ടോ, കാൽ കൊണ്ടോ വായിലൂടെയോ ഒന്നും പറയേണ്ടതായോ, ചെയ്യേണ്ടതായോ ഉള്ള ആവശ്യമില്ല. ആദ്യമൊക്കെ മാല കറക്കിക്കൊണ്ട് രാമ-രാമ എന്നു ജപിക്കുമായിരുന്നു. മാലയുടെ രഹസ്യത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. വിജയമാലയും രുദ്ര മാലയും. ഇപ്പോൾ നിങ്ങളെല്ലാവരും പുരുഷാർത്ഥികളാണ്. ഇപ്പോൾ മാല ഉണ്ടാക്കുവാൻ സാധിക്കില്ല. രാത്രിയിൽ ഉണർന്നിരുന്ന് സമ്പാദിക്കുന്നതിലൂടെ വളരെയധികം ആനന്ദമാണ്. രാത്രി 9 മുതൽ 12 വരെയുള്ള സമയം മോശമാണ്. 2 മണി മുതൽക്ക് അമൃതവേളയാണ്. ഈ സമയത്ത് അഴുക്കിനെ മുഴുവനും ഇല്ലാതാക്കണം. ഇത്രയും കേട്ടിട്ടും അഥവാ പവിത്രമായില്ലെങ്കിൽ, ബുദ്ധിയുടെ പൂട്ട് അടയുന്നു. പിന്നീട് ആർക്കും ജ്ഞാനം കേൾപ്പിക്കാനും സാധിക്കില്ല. എങ്ങനെയാണോ വൃന്ദാവനത്തിൽ രാസലീലയുടെ ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്, ഇവിടെ ജ്ഞാന നൃത്തത്തിന്റെ കാര്യമാണ്. ഇവിടെ നിന്നും കേട്ട്, പിന്നീട് പുറത്തേക്ക് പോയതിനു ശേഷം തലകീഴായത് പറയുകയാണെങ്കിൽ, തൊണ്ടയടഞ്ഞു പോകും. അതുകൊണ്ട് കരുതലോടെയിരിക്കൂ. പവിത്രമാവുക തന്നെ വേണം എന്നാൽ മാത്രമേ യോഗം വെക്കാൻ സാധിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) കർമ്മയോഗിയായിരിക്കണം. കർമ്മം ചെയ്തുകൊണ്ടും ബാബയെ ഓർമ്മിച്ച്, സതോപ്രധാനമാകാനുള്ള പുരുഷാർത്ഥം ചെയ്യണം.

2) തന്റെ ഓരോ പെരുമാറ്റത്തിലൂടെയും അച്ഛൻ, ടീച്ചർ, ഗുരുവിനെ പ്രത്യക്ഷപ്പെടുത്തണം. നമ്മൾ വീട്ടിലേക്ക് പോവുകയാണ്, ഈ സ്മൃതിയിലൂടെ സദാ പ്രസന്നമായിരിക്കണം.

### വരദാനം:- മഹാവീരനായി ഓരോ സങ്കൽപത്തെയും സ്വരൂപത്തിൽ കൊണ്ടുവരുന്ന സദാ വിജയീ സഫലതാമൂർത്തിയായി ഭവിക്കൂ

എന്തെല്ലാം വിശേഷ സങ്കൽപമാണോ എടുക്കുന്നത് അതിൽ ദൃഢമായിരിക്കൂ, സങ്കൽപം ചെയ്യുമ്പോൾ തന്നെ അതിന്റെ സ്വരൂപമായി മാറൂ അപ്പോൾ വിജയത്തിന്റെ കൊടി പാറും. ഇങ്ങനെ ചിന്തിക്കരുത്, നോക്കാം, ചെയ്യാം... യാം യാം പറയുക അർത്ഥം ദുർബലമാകുക. ഇങ്ങനെ ദുർബല സങ്കൽപം ചെയ്യുക അർത്ഥം മായയിൽ നിന്ന് തോൽവി അനുഭവിക്കുക. സദാ ഈ അമരവും അവിനാശിയുമായ സങ്കൽപം ചെയ്യൂ ഞാൻ സദാ കാലത്തെ വിജയിയാണ്, മഹാവീരനാണ്, സദാ മുന്നേറും, വിജയിയാകും. ഈ സങ്കൽപത്തിലൂടെ വിജയയിയാകും.

### സ്ലോഗൻ:- മുഖത്ത് സന്തോഷത്തിന്റെ തിളക്കമുണ്ടായിരിക്കണം അപ്പോൾ സന്തുഷ്ടമായ മുഖം ബോർഡിന്റെ ജോലി ചെയ്യും.